Mathrubhumi 20.12.17

# കൈപ്പാട്-കേരളത്തിന്റെ ജൈവനെല്ലറ

ഡോ. വനജ ടി.

ഉത്തരകേരളത്തിൽ കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിൽ കടലിനോട് ചേർന്നുകിടക്കുന്ന പുഴയോരങ്ങളിലെ ഉപ്പുലവണമുള്ള നെൽക്കൃഷി മേഖലയാണ് കൈപ്പാട്.

വേലിയേറ്റത്തെയും വേലിയിറക്കത്തെയും ആശ്രയിച്ച് ഒന്നാംവിള പ്രത്യേകരീതിയിൽ നെൽക്കൃഷിയും രണ്ടാംവിള ചെമ്മീൻ/മത്സ്യകൃഷിയും ചെയ്യുന്ന കൈപ്പാട്, പ്രകൃത്യാ ജൈവകൃഷിമേഖലയാണ്. അതിനാൽ ഇതിൽ നിന്നുള്ള ഉത്പന്നം തികച്ചും ജൈവഉത്പന്നമാണ്. മൂന്ന് ജില്ലകളിലായി ഏകദേശം 4100 ഹെക്ടറോളം കൈപ്പാട് നിലങ്ങൾ ഉണ്ട്. ഇതിൽ 3400 ഹെക്ടർ കണ്ണൂരിലും 200 ഹെക്ടർ കാസർകോടും 500 ഹെക്ടർ കോഴിക്കോട്ടുമാണ്. എന്നാൽ, ഇതിൽ 20 ശതമാനം മാത്രമേ കൃഷിചെയ്തു വരുന്നുള്ളൂ. കണ്ണൂർ ജില്ലയിൽ മാത്രമാണ് കൈപ്പാടിന്റെ യഥാർഥ കൃഷിരീതികൾ അവലംബിക്കുന്നത്.



കണ്ണൂർ ജില്ലയിലെ കൈപ്പാട് നെൽക്കൃഷി

സാധാരണ നെൽക്കൃഷി മേഖല നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കുമുപരി ചതുപ്പ് നിലവും വേലിയേറ്റ വേലിയിറക്കവും വെള്ളക്കെട്ടും നെൽക്കൃഷി മേഖലയിലേക്ക് കണ്ടൽച്ചെടി വ്യാപിച്ചതും ഈ മേഖലയിലെ ഉത്പാദനം കുറയ്ക്കാൻ കാരണമായിട്ടുണ്ട്. കൈപ്പാടിന്റെ ആവാസവ്യവസ്ഥ നിലനിർത്തുന്നതിന് കൃഷിസ്ഥലം കണ്ടൽ ചെടികളാൽ ചുറ്റപ്പെട്ടിരിക്കേണ്ടതാണ്.

എന്നാൽ, കണ്ടൽ നെൽക്കൃഷി സ്ഥലത്തേക്ക് ഇറങ്ങിവന്നാൽ അത് നെല്ലിന്റെ കളയായി കണ്ട് അവയെ കൈപ്പാട് ഓരങ്ങളിലേക്ക് പുനരധിവസിപ്പിക്കേണ്ടതാണ്.

കണ്ടൽവന സംരക്ഷണനിയമത്തിൽ കൈപ്പാട് നെൽക്കൃഷി ഭൂമിയിലെ കണ്ടൽ പുനരധിവാസം സംബന്ധിച്ച് ഈ വസ്തുത കൂട്ടിച്ചേർക്കേണ്ടതാണ്. കൈപ്പാടിനെ പ്രത്യേക മേഖലയായി എടുത്ത് സർക്കാർ പദ്ധതികൾ ആവിഷ്കരിക്കാൻ തുടങ്ങിയിട്ടുണ്ട്.

ഈ മേഖലയിൽ നിന്നുള്ള ജൈവനെല്ല് ഉത്പാദനം വർധിപ്പിക്കണമെങ്കിൽ കൈപ്പാട് നെൽക്കർഷകർ നേരിടുന്ന കണ്ടൽ കളപ്രശ്നം പരിഹരിക്കേണ്ടതുണ്ട്.

കാർഷിക സർവകലാശാലയുടെ ഉത്തരമേഖലാ കാർഷിക ഗവേഷണകേന്ദ്രങ്ങൾ ഉപ്പ് ലവണത്തെ അതിജീവിക്കുന്ന നാല് ജൈവനെല്ലിനങ്ങളായ 'ഏഴോം - 1', 'ഏഴോം -2', 'ഏഴോം -3', 'ഏഴോം -4' എന്നിവ വികസിപ്പിച്ച് പുറത്തിറക്കിയിട്ടുണ്ട്. കൈപ്പാടിന്റെ പ്രധാന നാടൻ ഇനങ്ങളായ 'കുതിര്', 'ഓർക്കയമ', 'കുട്ടൂസൻ' എന്നിവ സംരക്ഷിച്ച് കൃഷിചെയ്യുന്നതോടൊപ്പം വിവിധ മണ്ണ് ഘടനയ്ക്കനുസരിച്ച് കർഷകർ ഈ നാല് നെല്ലിനങ്ങളും കൃഷിചെയ്തു വരുന്നുണ്ട്.

മൂന്ന് ജില്ലകൾ പ്രവർത്തന മേഖലയായിട്ടുള്ള 'മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റി' രൂപവത്കരിച്ച് 2010-ൽ രജിസ്റ്റർ ചെയ്യുകയും, പോഷകസമ്പുഷ്ടമായ 'കൈപ്പാട് അരി'ക്ക് ഭൗമസൂചിക പദവി ലഭ്യമാക്കുകയും ചെയ്തു.

കൈപ്പാടിൽ കൃഷി ചെയ്യുന്ന എല്ലാ ഇനങ്ങളുടെയും അരി 'കൈപ്പാട് അരി' എന്ന ബ്രാൻഡിൽപ്പെടും. ഭൗമസൂചിക എന്നത് നിയമം കൊണ്ട് സംരക്ഷിച്ച ബൗദ്ധിക സ്വത്തവകാശമായതിനാൽ 'മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റി'ക്ക് മാത്രമേ 'കൈപ്പാട് അരി'യുടെ വിപണനാധികാരമുള്ളൂ. കൈപ്പാട് അരി വിൽക്കുമ്പോൾ കൈപ്പാട് നെല്ല്, അധികവിലയ്ക്ക് വേണം കർഷകരിൽനിന്ന് സംഭരിക്കാൻ.